**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 672** **06-12-2022 - ൽ മറുപടിയ്ക്ക്**

**ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കും, സ്വകാര്യ വ്യവസായ പാർക്കുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനായി 2022-23 ലെ സംസ്ഥാന ബജറ്റിൽ വിഭാവനം ചെയ്ത ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കും സ്വകാര്യ വ്യവസായ പാർക്കുകളും ആരംഭിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം - 2022, 02/04/2022-ലെ G.O(Ms) No. 31/2022/ID സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഗ്രാമ, നഗര വ്യത്യാസമില്ലാതെ പത്ത് ഏക്കറോ അതിലധികമോ വരുന്നതും വ്യവസായത്തിന് അനുയോജ്യ മായതുമായ ഭൂമിയിൽ ചെറുകിട വ്യവസായ സംരംഭകരുടെ കൂട്ടായ്മ, സഹകരണ സ്ഥാപനങ്ങൾ, കൂട്ടുടമ സംരംഭകർ, ചാരിറ്റബിൾ സൊസൈറ്റികൾ, കമ്പനികൾ മുതലായവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് തുടങ്ങുന്നതിന് അപേക്ഷ നൽകാവുന്നതാണ്. അപേക്ഷ ഓൺലൈനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ് പോർട്ടലിലൂടെ സമർപ്പിക്കാം. ടി പദ്ധതിയിലൂടെ വ്യവസായ ഭൂമിയായി മാറുന്ന ഭൂമിയ്ക്ക് കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്പ്മെന്റ് റൂൾ 2019-ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്. |
| (ബി) | സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നവർക്ക് സർക്കാൻ ധനസഹായം നൽകുന്നുണ്ടോ; ഇതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിന് ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്.<br><br>സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം, ഡ്രെയിനേജ്, ETP/CETP എന്നിവ വികസിപ്പിക്കുന്നതിനും ലബോറട്ടറി, ടെസ്റ്റിങ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങൾക്കുമായി ഡെവലപ്പർക്ക് ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ധനസഹായം സർക്കാർ നൽകുന്നു.<br><br>ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇതിനോടകം സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; ആരെയാണ് അപേക്ഷ സ്വീകരിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; എത്ര അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര അപേക്ഷകൾക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് ഓൺലൈനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്-പോർട്ടൽ വഴി അപേക്ഷ നൽകേണ്ടതാണ്. 40 അപേക്ഷകൾ നാളിതു വരെ ലഭിച്ചിട്ടുണ്ട്. അതിൽ 4 അപേക്ഷകൾക്ക് 22/09/2022-ൽ ഡവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.<br><br>അവ താഴെ സൂചിപ്പിക്കുന്നു.<br><br>1. M/s. V.M.P.S Food Park & Ventures, Kannur<br><br>2. M/s. Malabar Enterprises – Malappuram<br><br>3. M/s. Indian Virgin Spices (P) Limited, Kottayam<br><br>4. M/s. Kadambur Industrial Park, Palakkad (for constructing Standard Design Factory) |

സെക്ഷൻ ഓഫീസർ